(ഇ) 1990-ൽ സർവ്വീസിൽ കയറുകയും ആദ്യത്തെ ഹവിൽദാർ ടെസ്റ്റ് പാസ്സാകുകയും ചെയ്തിട്ടും പ്രൊമോഷൻ ലഭിക്കാത്ത സേനാംഗങ്ങൾ അനുഭവിക്കുന്ന മാനസികവും തൊഴിൽപരവുമായ സംഘർഷങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ എ. എസ്. ഐ. പ്രൊമോഷൻ നടത്തുന്നതിനെതിരെ സേനാംഗങ്ങളിൽ ആരുംതന്നെ പരാതി നൽകിയിട്ടില്ല. എന്നാൽ ഹവിൽദാർ തസ്തികയിൽനിന്നും എ. എസ്. ഐ. തസ്തികയിലേക്ക് പ്രൊമോഷൻ ഉത്തരവായതിനെത്തുടർന്ന് ഹവിൽദാർ സീനിയോറിറ്റിയെ സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രൊമോഷനെ സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിഹരിക്കാൻ കഴിയുന്ന പരാതികൾ എല്ലാംതന്നെ പരിഹരിക്കുകയും മറ്റു പരാതികൾ പരിശോധിച്ചുവരികയുമാണ്.

(സി) എ. പി. എ. എസ്. ഐ. പ്രൊമോഷൻ നൽകുന്നത് ഹവിൽദാറായി പ്രമോഷൻ നൽകുന്നതിന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നുമാണ്. നേരത്തെ ടെസ്റ്റ് പാസ്സായി എന്നത് സീനിയോറിറ്റിയുടെ മാനദണ്ഡമല്ല. എന്നുമുതൽ ഹവിൽദാർ ആയി എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഈ സീനിയോറിറ്റി ക്രമം തെറ്റിച്ച് ആരെയും പ്രൊമോട്ടു ചെയ്തിട്ടില്ല.

(ഡി) സീനിയോറിറ്റിക്ക് ഹവിൽദാറായി റഗുലറൈസ് ചെയ്ത തീയതി കണക്കാക്കണമെന്ന് കേരള സബോർഡിനേറ്റ് സർവ്വീസ് (ആംഡ് പോലീസ് ബറ്റാലിയൻ) സ്പെഷ്യൽ റൂൾസിൽ (ഗവ. ഉത്തരവ് നമ്പർ (അച്ചടിച്ചത്) 6/84/ആഭ്യ. തീയതി 18-1-1984) നിഷ്കർഷിച്ചിട്ടില്ല.

(ഇ) ആംഡ് ബറ്റാലിയൻ എ. എസ്. ഐ.-മാരുടെ ഒഴിവുകൾ വരുന്നതിനനുസൃതമായി സീനിയോറിറ്റി മാനദണ്ഡമാക്കി പ്രൊമോഷൻ നൽകുന്നതാണ്.

അനുമതി കൂടാതെ പാറ പൊട്ടിക്കുന്നത് തടയാൻ നടപടി

51 [825] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെടിമരുന്ന് ഉപയോഗിച്ച് പാറപൊട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാറപൊട്ടിക്കുന്നതിനും വെടിമരുന്ന് ഉപയോഗിക്കുന്നതിനും പോലീസ് വകുപ്പിന്റെ അനുമതി ആവശ്യമാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുമതി ഇല്ലാതെ പാറപൊട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പോലീസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാറപൊട്ടിക്കുന്നതിനും വെടിമരുന്ന് ഉപയോഗിക്കുന്നതിനുമുള്ള ലൈസൻസ് കൊടുക്കുന്നത് പോലീസ് വകുപ്പല്ല. എന്നാൽ ഇത് നൽകുന്ന വകുപ്പ് അനുവാദം കൊടുക്കുമ്പോൾ പോലീസിന്റെ അനുമതി തേടാറുണ്ട്. അതുപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നു.

(സി) ഉണ്ട്.

(ഡി) ഇത്തരക്കാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റോഡപകടങ്ങൾ

52 [826] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷത്തിനിടയിൽ റോഡപകടങ്ങളിലൂടെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇതിൽ എത്ര പേർ പുരുഷൻമാരാണെന്നും സ്ത്രീകൾ എത്ര പേരാണെന്നും കുട്ടികൾ എത്ര പേരാണെന്നും അറിയിക്കാമോ ;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; സർക്കാർ എന്തൊക്കെ പരിഹാരമാർഗ്ഗങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 11677 പേർ മരണമടഞ്ഞു.

(ബി) പുരുഷൻമാർ — 9560

സ്ത്രീകൾ — 1586

കുട്ടികൾ — 531

LIBRARY ARCHIVES Kerala Legislative Assembly